# പ്രവാചക ചരിത്രത്തിന്റെ മൗദൂദിയൻ വായന

എ. ഐ. അബ്ദുൽ മജീദ് സ്വലാഹി

**നബി (സ്വ) മക്കയിൽ ക്വുർആൻ കൊണ്ട് ജിഹാദ് ചെയ്യുന്ന കാലത്ത് വിവിധ ഗോത്രങ്ങളിൽ ചെന്ന് സാമ്രാജ്യത്വ വിരുദ്ധ സന്ദേശങ്ങൾ നല്കുകയായിരുന്നുവത്രെ. നാലുവരിപ്പാത വിൽക്കാതെ വികസിപ്പിക്കണമെന്ന മുദ്രാവാക്യവുമായി പ്രവാചകന്മാരുടെ അനന്തരവകാശികളായി മലയാളക്കരയിൽ പ്രക്ഷോഭയാത്ര നടത്താൻ പ്രേരകമായി തീർന്നത് പ്രബോധനത്തിന്റെ ആദ്യനാളുകളിൽ നബി (സ്വ) സൃഷ്ടിച്ച സാമ്രാജ്യത്വ വിരുദ്ധ ചലനങ്ങളാണെന്നാണ് യുവജമാഅത്ത് നിഗമനം. ഏകനായ സ്രഷ്ടാവിനെ മാത്രം ആരാധിക്കണമെന്നു പറഞ്ഞതിന്റെ പേരിലാണ് നബി (സ്വ) ക്ക് മദീനയിലേക്ക് പാലായനം ചെയ്യേണ്ടിവന്നത്. അബ്ദുല്ലാഹ്ബ്നു ഉബയ്യിനെ കീഴടക്കാൻ പോകുന്ന നബി (സ്വ) എന്തിന് മക്കയെ നോക്കി, സങ്കടപ്പെടണം?**

പ്രവാചക സ്നേഹത്തിന്റെ മൗദൂദിയൻ ഭാഷ്യമാണ് 'പ്രവാചകന്റെ സമര ജീവിതം' (മാധ്യമം, ഫെബ്രുവരി 26, http://www.madhyamam.com/node/33947) എന്ന ശീർഷകത്തിൽ വന്ന ലേഖനം. അബുൽ അഅ്ലാ മൗദൂദിയോടുള്ള മുഴുവൻ കടപ്പാടും ഈ ലേഖനത്തിന്റെ ഓരോ വരികളിലും ലേഖകൻ കാണിക്കുന്നുണ്ട്. മതം പഠിപ്പിക്കുവാനായി മനുഷ്യരിലേക്ക് നിയോഗിക്കപ്പെട്ട ദൈവദൂതന്മാരെ കുറിച്ചുള്ള മൗദൂദിയൻ കാഴ്ചപ്പാട് ഈ ലേഖനത്തിൽ നിന്ന് ഇങ്ങനെ സംഗ്രഹിക്കാം.

1) എല്ലാ പ്രവാചകന്മാരുടെയും മുഖ്യ എതിരാളികൾ സാമ്രാജ്യത്വ ശക്തികളായിരുന്നു.

2) പ്രവാചക ചരിത്രം സാമ്രാജ്യത്വവുമായുള്ള സംഘട്ടനത്തിന്റേതാണ്.

3) ഇസ്ലാമിനെ സവിശേഷമാക്കുന്ന ഏക ഘടകം സാമ്രാജ്യത്വ വിരുദ്ധതയാണ്.

4) അധികാരവാഴ്ചയെ ചോദ്യം ചെയ്തത് കൊണ്ടാണ് പ്രവാചകന്മാർ വധിക്കപ്പെട്ടത്; ബഹുദൈവാരാധനയെ ചോദ്യം ചെയ്തതുകൊണ്ടല്ല,

5) മൂസാ നബി (അ) സാമ്രാജ്യത്വ വിരുദ്ധ പോരാട്ടത്തിന്റെ തലവൻ.

6) മുഹമ്മദ് (സ്വ) അബൂത്വാലിബിന്റെ കൂടെ കച്ചവടത്തിന് പോകുന്ന പ്രായത്തിൽ തന്നെ സാമ്രാജ്യത്വ വിരുദ്ധ പോരാട്ടം തുടങ്ങി.

7) മുഹമ്മദ് നബി (സ്വ) യുടെ പ്രബോധനത്തിന്റെ ഒന്നാം ഘട്ടത്തിൽ തന്നെ, ആളുകളെ ആകർഷിച്ചത് സാമ്രാജ്യത്വ വിരുദ്ധ സമരങ്ങളെ കുറിച്ച് ആവേശം നല്കികൊണ്ട്.

8) അബൂ ജഹ്ൽ മുഹമ്മദ് നബി (സ്വ) യെ എതിർക്കാനുള്ള മുഖ്യകാരണം സാമ്രാജ്യത്വ വിരുദ്ധ സമീപനം കൊണ്ട്.

9) മുഹമ്മദ് നബി (സ) മദീനയിലേക്ക് ഹിജ്റ പോയത് അബ്ദുല്ലാഹ്ബ്നു ഉബയ്യിന്റെ സാമ്രാജ്യത്വ മോഹങ്ങൾ തല്ലിക്കെടുത്താൻ.

10) സഖാവ് അബൂബക്കർ (?) സാമ്രാജ്യത്വ വിരുദ്ധ പോരാട്ടത്തിൽ മുഹമ്മദ് നബി (സ്വ) യുടെ കൂട്ടുകാരൻ.

11) പ്രവാചകനെ സ്നേഹിക്കുന്നവർ ഇന്ന് പൊരുതേണ്ടത് ജനിതക മാറ്റം വരുത്തിയ വഴുതനങ്ങക്കെതിരെ...............

മൗദൂദിസത്തിന്റെ ജനിതക സവിശേഷതയായ കാടുകയറിയ കസർത്തുകളിലൂടെ പ്രവാചക ചരിത്രത്തെ ക്രൂരമായി വക്രീകരിക്കുകയാണ് 'മാധ്യമം' ലേഖനം. മതത്തിന്റെ പ്രമാണങ്ങളായ ക്വുർആനും ഹദീഥും പഠിക്കാതെ, തുഹ്ഫത്തുൽ മുജാഹിദീനും നക്സൽ ഗ്രന്ഥങ്ങളും വായിച്ച് നടക്കുന്നതിന്റെ അജ്ഞത ജമാഅത്ത് സാഹിത്യങ്ങളിൽ എവിടെയും ദൃശ്യമാണ്. സൂറത്ത് അൽഫുർക്വാനിലെ 31-ാം വചനത്തിന്റെ മുൻപുള്ള വചനമൊന്ന് വായിച്ചിരുന്നെങ്കിൽ സാമ്രാജ്യത്വ ശക്തികൾക്കെതിരായി 31-ാം വചനം ഉദ്ധരിക്കുമായിരുന്നില്ല. ക്വുർആനിനെ അവഗണിക്കുന്നവരായിരുന്ന ആ ശത്രുക്കളെന്ന് ക്വുർആൻ പഠിപ്പിക്കുന്നുണ്ട്- (അന്ന്) റസൂൽ പറയും: എന്റെ രക്ഷിതാവേ തീർച്ചയായും എന്റെ ജനത ഈ ക്വുർആനിനെ അഗണ്യമാക്കി തള്ളിക്കളഞ്ഞിരിക്കുന്നു. അപ്രകാരം തന്നെ ഓരോ പ്രവാചകനും കുറ്റവാളികളിൽപ്പെട്ട ചില ശത്രുക്കളെ നാം ഏർപ്പെടുത്തിയിരിക്കുന്നു. മാർഗ്ഗദർശകനായും സഹായിയായും രക്ഷിതാവ് തന്നെ മതി (25:30,31)

ഏകനായ സ്രഷ്ടാവിനെ മാത്രം ആരാധിക്കണമെന്ന് സമൂഹത്തെ കേൾപ്പിക്കുവാനാണ് പ്രവാചകന്മാർ നിയോഗിക്കപ്പെട്ടത് എന്നത് ക്വുർആനിക സത്യമാണ്. പ്രവാചകന്മാർ നിയോഗിക്കപ്പെട്ടത് രാഷ്ട്രീയ വിപ്ലവം നടത്താനാണെന്നതാണ് മൗദൂദി എഴുതിവെച്ചതും പറഞ്ഞതും. അനുസരണ പശ കൊണ്ട് തൗഹീദിനെ വികൃതമാക്കി രാഷ്ട്രീയ വിപ്ലവത്തിന് അടിത്തറ ഒരുക്കാൻ തുടങ്ങിയിട്ട് പതിറ്റാണ്ടുകൾ കഴിഞ്ഞെങ്കിലും, ഇസ്ലാമിലെ തൗഹീദ് എന്താണെന്ന് ജമാഅത്തുകാർക്ക് ഇനിയും വ്യക്തത വന്നിട്ടില്ല.

അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ എന്ന് അന്ത്യദൂതൻ പറഞ്ഞപ്പോൾ, എതിരാളികൾക്ക് കാര്യം പിടികിട്ടി. അല്ലാഹുവിലേക്ക് അടുപ്പിക്കുവാൻ വേണ്ടി തങ്ങൾ സ്വീകരിക്കുന്ന മധ്യവർത്തികളോട് പ്രാർത്ഥിക്കുന്നതും, അവരുടെ പേരിൽ സത്യം ചെയ്യുന്നതും, ബലി നല്കുന്നതും, നേർച്ച അർപ്പിക്കുന്നതും കൊടിയ പാപമാണെന്നാണ് മുഹമ്മദ് പറയുന്നത് എന്ന് അവർക്ക് മനസ്സിലായി. ഇത് ജനങ്ങളെ ഭിന്നിപ്പിക്കുമെന്നായിരുന്നു അവരുടെ വാദം. മുഹമ്മദ് ഈ പ്രബോധനം അവസാനിപ്പിച്ചാൽ അധികാരം വേണമെങ്കിൽ അതും, തറവാടിത്തമുള്ള പെണ്ണാണ് വേണ്ടതെങ്കിൽ അതും നല്കാമെന്നാണ് എതിരാളികൾ പറഞ്ഞത്. അതിനെ പാടെ നിരാകരിച്ച് പ്രബോധനവുമായി മുൻപോട്ട് പോവുകയാണ് നബി (സ്വ) ചെയ്തത്. അധികാരം നല്കാൻ തയ്യാറായവരോട് എന്തിന് അധികാരത്തിന് വേണ്ടിയുള്ള പോരാട്ടം നടത്തണം? തൗഹീദിന്റെ ശബ്ദമായിരുന്നു എതിരാളികളെ അലോസരപ്പെടുത്തിയിരുന്നത്. അധികാരം പിടിച്ചെടുക്കുവാനുള്ള പോരാട്ടമായി പ്രവാചക ചരിത്രത്തെ മാറ്റിയ ഖുതുബ്-മൗദൂദി ടീമിന്റെ അഭ്യാസപ്രകടനങ്ങൾക്ക് ഇസ്ലാമിൽ സ്ഥാനമില്ല.

രാഷ്ട്രീയ വിപ്ലവത്തിന്റെ മണ്ണ് പാകപ്പെടുത്താനേ ഇബ്റാഹീം നബിക്ക് കഴിഞ്ഞുള്ളൂ എന്നാണല്ലോ മൗദൂദി എഴിതിയത്. എന്നാൽ 'മാധ്യമം' ലേഖകൻ ഇബ്റാഹീം നബിയുടെ രാഷ്ട്രീയ വിപ്ലവത്തിൽ സംതൃപ്തി രേഖപ്പെടുത്തുന്നുണ്ട്. മഹാന്മാരുടെ പേരിൽ നിർമ്മിച്ച വിഗ്രഹങ്ങളെ ആരാധിച്ച തന്റെ ജനതക്ക് ഏകനായ സ്രഷ്ടാവിനെ പരിചയപ്പെടുത്തി കൊടുക്കുകയായിരുന്നു ഇബ്റാഹീം. സ്വന്തം കുടുംബത്തിൽനിന്ന് ആ പ്രബോധനം തുടങ്ങി. സാമ്രാജ്യത്വ മോഹങ്ങളല്ല ഇബ്റാഹീം നബി തീയിലെറിയപ്പെടാനുള്ള കാരണം. തൗഹീദ് അംഗീകരിക്കാനുള്ള അഹന്തയായിരുന്നു നംറൂദിനെ അതിന് പ്രേരിപ്പിച്ചത്.

ബഹുദൈവാരാധനയുടെ നിരർത്ഥകത സമൂഹത്തെ ബോധ്യപ്പെടുത്തിയ മൂസാ നബി (സ്വ) യെ തൗഹീദ് പറയാതെ സാമ്രാജ്യത്വ വിരുദ്ധ പോരാട്ടം നടത്തിയവരായിട്ടാണ് ചിത്രീകരിക്കുന്നത്. ഹാറൂൺ നബിയുടെ 'ശിർക്കിനെതിരെയുള്ള മൗനം' (?) ജമാഅത്ത് കാപട്യത്തിന് തെളിവായി ഉദ്ധരിക്കുന്നവർക്ക് എന്താണ് എഴിതികൂടാത്തത്.

ജമാഅത്ത് സ്റ്റഡി ക്ലാസ്സുകളിൽ നിന്ന് യേശുവിന്റെ സാമ്രാജ്യത്വ വിരുദ്ധ പോരാട്ടങ്ങളെ കുറിച്ച് അമേരിക്ക കേൾക്കാൻ ഇടവന്നാൽ അമേരിക്കൻ നെഗളിപ്പ് കൂടുമെന്നതിൽ സംശയമില്ല!

നബി (സ്വ) മക്കയിൽ ഖുർആൻ കൊണ്ട് ജിഹാദ് ചെയ്യുന്ന കാലത്ത് വിവിധ ഗോത്രങ്ങളിൽ ചെന്ന് സാമ്രാജ്യത്വ വിരുദ്ധ സന്ദേശങ്ങൾ നല്കുകയായിരുന്നുവത്രെ. നാലുവരിപ്പാത വിൽക്കാതെ വികസിപ്പിക്കണമെന്ന മുദ്രാവാക്യവുമായി പ്രവാചകന്മാരുടെ അനന്തരവകാശികളായി മലയാളക്കരയിൽ പ്രക്ഷോഭയാത്ര നടത്താൻ പ്രേരകമായി തീർന്നത് പ്രബോധനത്തിന്റെ ആദ്യനാളുകളിൽ നബി (സ്വ) സൃഷ്ടിച്ച സാമ്രാജ്യത്വ വിരുദ്ധ ചലനങ്ങളാണെന്നാണ് യുവജമാഅത്ത് നിഗമനം.

ഏകനായ സ്രഷ്ടാവിനെ മാത്രം ആരാധിക്കണമെന്ന പരഞ്ഞതിന്റെ പേരിലാണ് നബി (സ്വ) ക്ക് മദീനയിലേക്ക് പാലായനം ചെയ്യേണ്ടിവന്നത്. അബ്ദുല്ലാഹ്ബ്നു ഉബയ്യിനെ കീഴടക്കാൻ പോകുന്ന നബി (സ്വ) എന്തിന് മക്കയെ നോക്കി, സങ്കടപ്പെടണം?

അബ്ദുല്ലാഹ്ബ്നു ഉബയ്യിനെ നിരാശനാക്കി മദീന പിടിച്ച നബി (സ്വ) യും സഖാക്കളുമാണ് 'സഖാക്കളോടൊപ്പം' ചേർന്ന് സാമ്രാജ്യത്വ വിരുദ്ധ പോരാട്ട മുദ്രാവാക്യം മുഴക്കി ഇറങ്ങാൻ ജമാഅത്തെ ഇസ്ലാമിക്ക് ആവേശം നല്കിയത്!?

അന്ത്യദൂതനായ മുഹമ്മദ് നബി (സ്വ) യുടെ മക്കാ ജീവിതത്തെയും ഹിജ്റയെയും വികലമാക്കി അവതരിപ്പിച്ച്, ജിഹാദിന് പുതിയ ഭാഷ്യം ചമയ്ക്കുന്ന ജമാഅത്തുകാരിൽ നിന്ന് ഇതല്ലാതെ എന്ത് പ്രതീക്ഷിക്കാനാണ്. മഹാന്മാരായ പ്രവാചകന്മാരുടെ ത്യാഗ പൂർണ്ണമായ ചരിത്രത്തെ ഒരു 'വഴുതനസമരം' മാത്രമായി കാണാൻ ജമാഅത്തെ ഇസ്ലാമിക്കാരെ പോലെ കേരളത്തിലെ എല്ലാ മുസ്ലിംങ്ങളുടെയും തലയിൽ മണ്ണല്ലല്ലോ. പ്രവാചക പ്രകീർത്തനങ്ങൾ കൊണ്ട് നാടും നഗരവും മലീമസമാക്കുന്നവരെ വഴുതന സമരത്തിൽ ജമാഅത്തുകാരോടൊപ്പം ചേർത്താനായാൽ ഈ രംഗത്തുള്ള അനാചാരങ്ങൾക്കെങ്കിലും ഒരു അറുതി ഉണ്ടായേനേ. പ്രവാചക സ്നേഹത്തിന്റെ മൗദൂദിയൻ രൂപം കണ്ട് തലകറങ്ങി വീഴുന്നവർക്ക് 'കുപ്പിവെള്ളം' കൊടുക്കരുതേ എന്നൊരു അഭ്യർത്ഥനയുണ്ട്.

മാനുഷ്യരെ നരകത്തിൽ പ്രവേശിപ്പിക്കുന്ന കാര്യങ്ങളിൽ നിന്ന് പിന്തിരിപ്പിച്ച് സ്വർഗപ്രവേശനത്തിന് അവരെ പ്രാപ്തരാക്കുകയെന്ന ദൗത്യമായിരുന്നു പ്രവാചകന്മർക്ക്. വിശ്വാസ ശാക്തീകരണത്തിലൂടെയാണ് അവർ സമൂഹത്തെ വിമലീകരിച്ചത്. വിശ്വാസ വൈകൃതങ്ങളിൽ നിന്ന് സമൂഹം മോചിതരാകുന്നതോടെ സർവ്വ തിന്മകളുടെയും വേര് ഇല്ലാതാവുമെന്ന് സമൂഹത്തെ അവർ ബോധ്യപ്പെടുത്തി. മനുഷ്യരെ വിഴുങ്ങുന്ന വിശ്വാസ ചൂഷണങ്ങൾക്കെതിരെ ഒന്നും ഉരിയാടാതെ ഇസ്‌ലാം എന്നാൽ സാമ്രാജ്യതെ വിരുദ്ധ പോരാട്ടം എന്ന രൂപത്തിൽ പ്രചാരണം നടത്തുന്നത് മതത്തെ വികൃതമാക്കലാണ്. സാമ്രാജ്യത്വ ശക്തികളുടെ ഫണ്ട് സ്വീകരിച്ച് സാമ്രാജ്യത്വത്തിന് അടിമവേല ചെയ്യുന്നത് സാമ്രാജ്യത്വത്തിനെതിരെ എന്ന വ്യാജേന ബഹളം വെച്ച് കൊണ്ടാണ്.

പിൻകുറി: ജമാഅത്ത് വനിതകൾക്ക് സാമ്രാജ്യത്വ വിരുദ്ധ പോരാട്ടത്തിന് ആവേശം പകരുന്നവർ ആസിയ ബീവി, മർയം ബീവി, ആഇശ ബീവി (റ) എന്നിവരാണത്രെ!